

വായനാമുറി

**സമദ് കുന്നക്കാവ്**

# ചരിത്രരചനയിൽ വേറിട്ടൊരു ചുവടുവെപ്പ്

ചരിത്രം വിസ്മരിക്കപ്പെടുകയും ശാസക-മർദക വിഭാഗങ്ങളുടെ താൽപര്യങ്ങൾക്കനുസൃതമായി പുനർ സൃഷ്ടിക്കപ്പെടുകയും ഓർമ കളെയും ചരിത്രബോധത്തെയും പകർപ്പുകളായി ന്യൂനീകരിക്കു കയും ചെയ്യുന്ന പോസ്റ്റ് മോഡേൺ കാലഘട്ടത്തിൽ ഉപര്യുക്ത ജന തയുടെ ചരിത്രപരമായ പ്രേഷണപഥം ആവിഷ്കരിക്കുന്നതിലൂടെ കലർപ്പില്ലാത്ത ചരിത്രബോധമുണർത്തുകയെന്ന സക്രിയമായ ധർമ മാണ് ഗ്രന്ഥകാരൻ നിർവഹിക്കുന്നത്. ചരിത്രത്തെ ഭാഷാലീലകളു ടെയും ആഖ്യാനകൗശലങ്ങളുടെയും പണിപ്പുരയായി മാത്രം കാണുന്ന സമീപനങ്ങളിൽ നിന്ന് അകന്ന് പ്രാദേശിക ചരിത്രരചന യുടെ അനൗപചാരികവും സ്വതന്ത്രവുമായ മാർഗങ്ങളുപയോഗിച്ചു കൊണ്ടാണ് ഇതിലെ പതിനൊന്ന് പ്രബന്ധങ്ങൾ രൂപപ്പെട്ടിട്ടുള്ളത്.

**സമകാലീന** ചർച്ചകളെയും സാമ്പത്തിക-സാംസ്കാരിക സംവാദങ്ങളെയും നിയ ന്ത്രിക്കുന്നത് ആഗോളീകരണം, ഉദാരീകരണം മുതലായ സങ്കൽപങ്ങളും 'ചരിത്രത്തിന്റെ അന്ത്യ' സിദ്ധാന്തങ്ങളുമാണ്. എന്നിരിക്കെ ആധുനികോത്തര കാലത്ത് ദേശത്തെയും ദേശസ്വത്വങ്ങളെയും വിളംബരം ചെയ്യുന്ന രചനാശ്രമങ്ങൾ കാലഹരണപ്പെട്ടു എന്നത് നവലിബറൽ സൈദ്ധാന്തികരുടെ പ്രകീർത്തനമാണ്. മൂലധന വികാസത്തെയും അതിന്റെ താൽപര്യ സംരക്ഷണത്തിന് വേണ്ടി രൂപപ്പെടുത്തിയ മൂല്യവ്യവസ്ഥയെയും പരിപാലിക്കുന്നതും പുനരുൽപാദിപ്പിക്കുന്നതും ഉപര്യുക്ത വാദമാണ്. എന്നിരിക്കെ, പ്രതിരോധ വ്യവഹാരങ്ങളുടെ ആവശ്യകതയും പ്രസക്തിയും സമകാലിക ലോക ത്തുണ്ട്. ചരിത്രം, സംസ്കാരം, നാഗരികത എന്നിങ്ങനെയുള്ള സാമ്പ്രദായിക ജ്ഞാന ശാസ്ത്ര സങ്കൽപങ്ങളെയും അവയെ അടിസ്ഥാനപ്പെടുത്തി അധീശ ജനതാൽപര്യ ങ്ങളെയും ഉപകരണങ്ങളെയും അട്ടിമറിക്കാനുള്ള ഉദ്യമങ്ങൾ പ്രസ്തുത പ്രതിരോധ ങ്ങളിൽ പെട്ടതാണ്. അധീശത്വവിരുദ്ധ വ്യവഹാരങ്ങളുടെ ഭാഗമായ പ്രതിരോധ രച നകളിൽ ദേശവും ദേശസ്വത്വങ്ങളും ആവിഷ്കരിക്കപ്പെടുന്നത് സാമ്പ്രദായിക സങ്കൽപ ങ്ങളുടെ വാർപ്പുമാതൃകകളിൽനിന്ന് ഭിന്നമായാണ്. എക്കാലവും ദേശത്തിനും ദേശീ യതക്കും പുറത്തായിരുന്ന സാമാന്യജനതയുടെ പ്രതിനിധാനത്തിലൂടെ അവരെ ദേശ ത്തിന്റെ ഭാഗമാക്കുകയും അങ്ങനെ ദേശത്തെ വിപുലീകരിക്കുകയും ചെയ്യുന്നതാണ് ഈ പ്രതിരോധ ശ്രമങ്ങൾ. ഇത്തരം രചനകളെ ആസ്പദമാക്കിയുള്ള നവസിദ്ധാന്ത ങ്ങളൊക്കെയും പാർശ്വവത്കൃതരുടെ പ്രതിനിധാനങ്ങളെയും അത് വിളംബരം ചെയ്യുന്ന അധീശത്വവിരുദ്ധ രാഷ്ട്രീയത്തെയും സാധൂകരിക്കുന്നതും ദേശീയതയുടെ




ദൃഢീകരണവും വികാസവും ലക്ഷ്യംവെ ക്കുന്നതുമാണ്.

അധിനിവേശകരുടെ ചൂഷണത്തി ന്റെയും ദേശസംസ്കാരങ്ങൾക്കു മേലു ള്ള ധൈഷണികമായ കൈയേറ്റങ്ങളുടെ യും ഫലമായി നടന്ന പാർശ്വവത്കരണ ത്തിന്റെ പൊള്ളുന്ന വെളിച്ചത്തിൽ ദേശീ യതയെക്കുറിച്ചുള്ള നിർവചനങ്ങൾ ഇന്ന് പരിഷ്കരണങ്ങൾക്ക് വിധേയമായിട്ടുണ്ട്. ദേശീയതയെക്കുറിച്ചുള്ള വ്യവസ്ഥാപിത സങ്കൽപനങ്ങളെല്ലാം തന്നെ മൗലികമാ യി വ്യക്തി സ്വാതന്ത്ര്യം, സ്വതന്ത്രമായ ആവിഷ്കാരം, വൈദേശികാധിപത്യത്തി

ൽ നിന്നുള്ള മോചനം തുടങ്ങിയ ശരാശരി ആശയാഭിലാഷങ്ങളാൽ രൂപപ്പെട്ടവയായിരുന്നെന്ന് പൊതുവെ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ തിരിച്ചറിവിന്റെ പുതുലോകത്ത് ദേശീയതാ സങ്കൽപനങ്ങൾ ലിംഗ, വർണ്ണ, വംശ ഭേദമന്യേ നിന്ദിതരുമായി താദാത്മ്യപ്പെടാൻ ഉദ്യമിക്കുന്നതും പ്രതിരോധത്തിന്റെ പ്രമേയം മുന്നോട്ടുവെക്കുന്നതും അധീശത്വവിരുദ്ധ വ്യവഹാരമാകാൻ ശ്രമിക്കുന്നവയുമാണ്. ഇത്തരമൊരു ദേശീയതാ സങ്കൽപനം അപരവത്കൃതരായ സാമാന്യ ജനതയുടെ ചരിത്രപരമായ പ്രേഷണപഥത്തെ പ്രതിനിധാനം ചെയ്യുന്നു. അതായത് വർണം, വംശം, ലിംഗം, ഭാഷ എന്നിങ്ങനെയുള്ള സംവർഗങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പ്രദായികമായി പാർശ്വവത്കരിക്കപ്പെടുന്ന കർതൃത്വങ്ങളുടെ അനുഭവങ്ങളെ ചരിത്രപരമായി പ്രതിനിധാനം ചെയ്യുന്നുവെന്നർഥം.

*കേരള മുസ്‌ലിംകൾ- അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ പ്രത്യയശാസ്ത്രം* എന്ന കൃതിയിൽ ആവിഷ്‌കരിക്കപ്പെടുന്നത് ഇത്തരത്തിൽ നിഷ്‌കാസനം ചെയ്യപ്പെട്ട ഒരു ജനതയുടെ കൂട്ടു കർതൃത്വമാണ്. സ്ഥാപനവത്കരിക്കപ്പെട്ട ചരിത്രാഖ്യാനങ്ങളിലൂടെ വക്രീകരിക്കപ്പെട്ട സമകാലിക മുസ്‌ലിം സമൂഹത്തിന്റെ സമരോത്സുകമായ ഇന്നലെകളെയും അതിന്റെ ആശയപരിസരങ്ങളെയും അടയാളപ്പെടുത്തുകയാണ് ഈ ചരിത്രകൃതിയിലൂടെ കെ.ടി ഹുസൈൻ ചെയ്യുന്നത്. ചരിത്രം വിസ്മരിക്കപ്പെടുകയും ശാസക-മർദക വിഭാഗങ്ങളുടെ താൽപര്യങ്ങൾക്കനുസൃതമായി പുനർ സൃഷ്ടിക്കപ്പെടുകയും ഓർമകളെയും ചരിത്രബോധത്തെയും പകർപ്പുകളായി ന്യൂനീകരിക്കുകയും ചെയ്യുന്ന പോസ്റ്റ് മോഡേൺ കാലഘട്ടത്തിൽ ഉപര്യുക്ത ജനതയുടെ ചരിത്രപരമായ പ്രേഷണപഥം ആവിഷ്‌കരിക്കുന്നതിലൂടെ കലർപ്പില്ലാത്ത ചരിത്രബോധമുണർത്തുകയെന്ന സക്രിയമായ ധർമമാണ് ഗ്രന്ഥകാരൻ നിർവഹിക്കുന്നത്. ചരിത്രത്തെ ഭാഷാലീലകളുടെയും ആഖ്യാനകൗശലങ്ങളുടെയും പണിപ്പുരയായി മാത്രം കാണുന്ന സമീപനങ്ങളിൽ നിന്ന് അകന്ന് പ്രാദേശിക ചരിത്രരചനയുടെ അനൗപചാരികവും സ്വതന്ത്രവുമായ മാർഗങ്ങളുപയോഗിച്ചുകൊണ്ടാണ് ഇതിലെ പതിനൊന്ന് പ്രബന്ധങ്ങൾ രൂപപ്പെട്ടിട്ടുള്ളത്. എന്നാൽ, പ്രാദേശിക ചരിത്രരചനയുടെ 'നാട്ടുവീര്യം' എന്ന ഫോക്‌ലോർ അംശത്തിനപ്പുറം 'നാട്ടുകാര്യം' എന്ന വ്യാവഹാരിക താൽപര്യമാണ് രചയിതാവിന് ഉൾക്കാഴ്ചയേകിയിട്ടുള്ളത്. ചരിത്രകൃതികളിൽ പതിവുള്ള ശൈലിയിൽ തന്നെയുള്ള വിവരണം, വിശകലനം, സിദ്ധാന്തീകരണം എന്നിവ ഇതിലുണ്ട്. എന്നാൽ, ചരിത്രപ്രക്രിയകകളെ ആദർശാത്മകമായ ആധാരങ്ങളോട് കണ്ണിചേർക്കുന്ന ആഖ്യാനശ്രമമാണ് ഇവയുടെ അടിസ്ഥാനം. അതിനാൽ കേവലമായ വൈജ്ഞാനിക താൽപര്യങ്ങളാലല്ല, രാഷ്ട്രീയമായ പ്രതിരോധ ശ്രമങ്ങളുടെ ഭാഗമെന്ന നിലയിലാണ് കൃതി വ്യതിരിക്തമാകുന്നത്. ഗ്രന്ഥത്തിന്റെ രാഷ്ട്രീയ അവബോധത്തിന്റെ ഈ ശാക്തീകരണ ശേഷിയാണ് അധീശത്വവിരുദ്ധ വ്യവഹാരത്തിന്റെ ഭാഗമാകാൻ അതിനെ യോഗ്യമാക്കുന്നത്.

നാം കൊണ്ടാടുന്ന ആധുനികതയുടെ മൗലികമായ അപൂർണത, അത് നമ്മുടെ ആധുനികതയല്ല എന്നതാണ്. അധിനിവേശത്തോടൊപ്പം അതിന്റെ കാരണവും ഫലവുമെന്ന നിലയിലാണ് ഇന്ത്യയിൽ ദേശീയ ആധുനികത പിറവികൊള്ളുന്നത്. അതിനാൽ ആധുനികത എന്ന ചരിത്രാനുഭവം ലോകവ്യവസ്ഥയുടെ തലം കൈവരിച്ചതിന് പിന്നിലുള്ള പ്രധാന കാരണങ്ങൾ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയും കോളനീകരണവുമായിരുന്നു. പതിനഞ്ചാം ശതകത്തിനൊടുവിൽ തുടങ്ങിയ ഭൂഖണ്ഡാന്തര സമുദ്ര സഞ്ചാരങ്ങളിൽനിന്നും പത്തൊമ്പതാം നൂറ്റാണ്ടിലെ സൂര്യനസ്തമിക്കാത്ത സാമ്രാജ്യങ്ങളിലേക്ക് പടിപടിയായി ചെന്നെത്തിയ ഒരു രാഷ്ട്രീയ അധികാര വ്യവസ്ഥ എന്ന് 'ആധുനികലോക'ത്തെ സാമാന്യമായി വിലയിരുത്താം. ചുരുക്കത്തിൽ, അധിനിവേശം വഴി പകർന്നുകിട്ടിയ ഒരു ചട്ടക്കൂടിലേക്ക് തദ്ദേശീയ ജീവിതത്തെ സമന്വയിപ്പിക്കാനുള്ള ഉദ്യമമായിരുന്നു ഇന്ത്യയിൽ ആധുനികതയായി രൂപം പ്രാപിച്ചത്. അറിവിന്റെയും അനുഭവത്തിന്റെയും ശരിരൂപങ്ങളായി യൂറോപ്യൻ മാതൃകകളെ സ്ഥാനപ്പെടുത്തിക്കൊണ്ടും കോളനിജനതയുടെ എല്ലാത്തരം ആവിഷ്‌കാരങ്ങളെയും അപരമായി തരം താഴ്ത്തിക്കൊണ്ടുമാണ് അധിനിവേശത്തിന്റെ വൈജ്ഞാനിക പദ്ധതി സ്വന്തം ദൗത്യം നിർവഹിച്ചത്. വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ അറിവിന്റെയും സത്യാത്മകമായ സൗന്ദര്യാനുഭവത്തിന്റെയും ഉൽപത്തിസ്ഥാനമായി യൂറോപ്പ് പ്രതിഷ്ഠിക്കപ്പെട്ടു. തന്മൂലം മാനവികത, സാമൂഹികത, ജനകീയത തുടങ്ങിയവയുടെ അനുഭവങ്ങളും മാതൃകകളും നമ്മുടെ പ്രാദേശിക ചരിത്രസഞ്ചയത്തിലുണ്ടെന്ന അവബോധം ആധുനികതയുടെ ജ്ഞാനമണ്ഡലത്തിൽ ഇടംനേടിയില്ല. നാട്ടുചരിത്രത്തിന്റേതായ ഇത്തരം ഉൾബലത്തിന്റെ അഭാവം നിമിത്തം ആത്മവിശ്വാസം നഷ്ടപ്പെട്ട സമാജമായി നാം പരിണമിച്ചിരിക്കുന്നു.

ചരിത്രം ആഖ്യാനവിധേയമായ (ഭൂത) കാലത്തിന്റെ ആഖ്യാനം മാത്രമല്ല, ആഖ്യാനം നടപ്പിലാവുന്ന (വർത്തമാന) കാലത്തിന്റെ സ്വഭാവങ്ങളും ആവശ്യങ്ങളും പ്രതിഫലിക്കുന്ന ഒന്നുമാണ്. അധികാര പ്രയോഗങ്ങളിലൂടെയും ബല പ്രയോഗങ്ങളിലൂടെയും മുസ്‌ലിം കർതൃത്വങ്ങളെയും അവരുടെ സാംസ്‌കാരിക-പാരമ്പര്യങ്ങളെയും സ്ഥാപനവത്കൃതമായ ദേശീയ വ്യവഹാരങ്ങളിൽനിന്ന് കുടിയിറക്കിയതിന്റെ പൊള്ളുന്ന നേരറിവുകളാണ് വർത്തമാനത്തിനുള്ളത്. ചരിത്രപരമായി ദേശീയതയിൽനിന്ന് അപരവത്കരിച്ച സാമ്പ്രദായിക അസ്പൃശ്യതകൾ അണയാത്ത ഉമിത്തീ കണക്കെ ഇന്നും അവരെ ചുട്ടുപൊള്ളിക്കുന്നു. അത്യന്തം ഭീഷണമായ ദേശീയതയുടെ ഇത്തരം ഉള്ളടക്കത്തെ പുനർവായിക്കേണ്ടതും കളങ്കരഹിതമായി അപഗ്രഥിക്കേണ്ടതും ചരിത്രാഖ്യായകരുടെ കടമയായിരുന്നു. ആധുനികമായ ഏതൊരു ഭൂവിഭാഗത്തിനും, അതിലധിവസിക്കുന്ന ജനതക്കും പാരമ്പര്യ തുടർച്ചയും പൗരാണികതയും കൽപിച്ചുനൽകി ഏകാത്മകമായൊരു സ്വത്വബോധത്തിലേക്ക് അവരെ എത്തിക്കുന്നതിൽ ചരിത്രം വിജയിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ സംഭവിച്ചത് യൂറോപ്പിനെ കേന്ദ്രമാക്കുന്ന ലോകാവബോധത്തിന്റെ നിർമാണ സാമഗ്രികളിലൊന്നായി കോളനീകരണത്തിന്റെ ജ്ഞാനമണ്ഡലമായി ചരിത്രം വഴിമാറിപ്പോയി എന്നതാണ്. ആധികാരിക ചരിത്രാഖ്യായകരുടെ ജ്ഞാന ശാസ്ത്രപരമായ വ്യവഹാരരൂപത്തിൽ നിർമിക്കപ്പെട്ട കർതൃത്വങ്ങൾ പ്രസ്തുത ആഖ്യായകരുടെ താൽപര്യങ്ങൾക്കനുസൃതമായവയാണെന്നും സാമാന്യജനതയും അവരുടെ സാമ്പത്തിക-സാമൂഹിക-സാംസ്‌കാരിക പരിസരവും അതിലൊരിക്കലും വിഷയീഭവിച്ചില്ലെന്നതും യാഥാർഥ്യമാണ്. അധികാര രൂപങ്ങളുടെ ഉപകരണങ്ങളുടെ സഹായത്തോടെ ഈ ചരിത്രകാരന്മാർ വികസിപ്പിച്ചുകൊണ്ടു വന്ന പ്രത്യയശാസ്ത്ര വ്യവഹാരങ്ങളിൽനിന്ന് കാലാനുസൃതമായി മുസ്‌ലിം സ്വത്വങ്ങൾ തമസ്‌കരിക്കപ്പെടുകയും അന്യവത്കരിക്കപ്പെടുകയും ചെയ്തു. ഉപരിസൂചിത വ്യവ

ഹാരങ്ങൾക്കും ചരിത്രാഖ്യാനങ്ങൾക്കുമെതിരായ അർഥവത്തായ വിമതാഖ്യാനമായി വേണം ഗ്രന്ഥകർത്താവിന്റെ ശ്രമങ്ങളെ നോക്കിക്കാണാൻ. പ്രമാണവത്കരിക്കപ്പെട്ട ജ്ഞാന മണ്ഡലങ്ങളെ പ്രശ്നവത്കരിച്ചുകൊണ്ട് മുസ്‌ലിംസമൂഹത്തിന് പൊതുവായൊരു പൈതൃകമുണ്ടെന്ന് ഈ പ്രത്യാഖ്യാനങ്ങൾ കാര്യഗൗരവത്തോടെ ഓർമിപ്പിക്കുന്നു. വിഭാഗീയതകളെ നിർമലമായ ദൃഷ്ടിയിലൂടെ നോക്കിക്കാണാൻ അത് നമ്മെ സജ്ജരാക്കുന്നു. അധിനിവേശ വിരുദ്ധ പോരാട്ടങ്ങളുടെ ചരിത്രാധ്യായങ്ങൾക്ക് ആമുഖം രേഖപ്പെടുത്തിയവർ എന്ന നിലക്ക് ദേശത്തിലും ദേശീയതയിലും നമ്മുടെ ഇടത്തെ അത് അരക്കിട്ടുറപ്പിക്കുന്നു. പോർച്ചുഗീസ് അധിനിവേശത്തിനെതിരെ 16-ാം നൂറ്റാണ്ടിൽ സാമൂതിരിമാരുമൊത്ത് മരക്കാർ കുടുംബം നടത്തിയ പോരാട്ടങ്ങൾ, 18-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബ്രിട്ടീഷ് രാജിനെതിരെ ഉണ്ണിമൂസ മൂപ്പനും അത്തൻ കുരിക്കളും ചെമ്പൻ പോക്കറും പഴശ്ശി രാജയുമായി ചേർന്ന് നടത്തിയ ചെറുത്തുനിൽപുകൾ, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും അവർ താങ്ങിനിർത്തിയ നാടുവാഴി ദുഷ്പ്രഭുത്വത്തിനുമെതിരെ മലബാറിലെ മാപ്പിള കുടിയാന്മാർ 19-ാം നൂറ്റാണ്ടിലുടനീളം നടത്തിയ നിരന്തരമായ വിപ്ലവങ്ങൾ, അവയുടെ തുടർച്ചയും വികാസവുമായ 1921ലെ മലബാർ സമരംവരെ നീളുന്ന ചരിത്രപരമായ കണ്ണിചേർക്കലിലൂടെ അപരകർതൃത്വങ്ങളുടെ ദേശീയ അവകാശം അടിവരയിടപ്പെടുകയും സാധൂകരിക്കപ്പെടുകയുമാണ് ചെയ്യുന്നത്.

കേരളീയ മുസ്‌ലിം നവോത്ഥാന നായകരെയും അവർ കാലൂന്നിയ ആശയമണ്ഡലങ്ങളെയും ചൊല്ലി ഇതഃപര്യന്തമുള്ള വിശകലന രീതിശാസ്ത്രവും ചരിത്രാഖ്യാനങ്ങളും ഉപര്യുക്ത സാമാന്യ ബോധത്തിലധിഷ്ഠിതമായിരുന്നു. ആധികാരിക ചരിത്ര ഭാഷ്യക്കാർ ബോധപൂർവം വിസ്മരിച്ച സമരതീക്ഷ്ണമായ മുസ്‌ലിം ഇന്നലെകളെയും അതിന്റെ ആശയ സ്രോതസ്സിനെയും കൃത്യമായി അടയാളപ്പെടുത്താനും ഗൗരവമായി അപഗ്രഥിക്കാനും മുസ്‌ലിം ആഖ്യാതാക്കൾ ഉദ്യമിച്ചില്ല. പരിഷ്കർത്താക്കളുടെ ആധ്യാത്മിക വശങ്ങളിൽ ഊന്നി നടത്തിയ ചില മുസ്‌ലിം രചനാശ്രമങ്ങൾ കേവല പണ്ഡിത കൂട്ടത്തിലേക്ക് അവരെ ന്യൂനീകരിച്ചു. മക്തി തങ്ങളിൽ രൂപംപൂണ്ട് ഹമദാനി തങ്ങളിലൂടെയും വക്കം മൗലവിയിലൂടെയും വികാസം പ്രാപിച്ച് കെ.എം. മൗലവിയിൽ പൂർണത കൈവരുന്ന ഒരു ചരിത്രാവബോധം ഇവിടുത്തെ വ്യാവഹാരിക സീമക്കുള്ളിൽ തങ്ങിനിൽപ്പുണ്ട്. യഥാർഥത്തിൽ അതത് നൂറ്റാണ്ടുകളിലെ മുസ്‌ലിം നവോത്ഥാനമെന്നത് അതിന് മുമ്പുള്ള നൂറ്റാണ്ടുകളിലെ പ്രവർത്തനങ്ങളുടെ പിൻതുടർച്ചയായിരുന്നു. ഈയൊരർഥത്തിൽ മക്തി തങ്ങൾക്കു മുമ്പുള്ള മുസ്‌ലിം പ്രോജ്ജ്വല വ്യക്തിത്വങ്ങളും നവോത്ഥാനത്തിൽ കണ്ണിചേർക്കപ്പെടേണ്ടതുണ്ടായിരുന്നു.

നവോത്ഥാനമെന്ന ജ്ഞാന രൂപത്തെക്കുറിച്ച്, അതിനെ രൂപപ്പെടുത്തിയ ധാർമിക പ്രചോദനങ്ങളെക്കുറിച്ച് ശുഭോദർക്കമായൊരു ആഖ്യാന ശൈലി ഗ്രന്ഥകർത്താവിനുണ്ട്. ഗ്രാഹ്യമെന്ന് കണ്ടതിനെ മുഴുവൻ സ്വാംശീകരിക്കലും ത്യാജ്യമെന്ന് തോന്നിയതിനെയെല്ലാം തിരസ്കരിക്കലുമാണത്. വ്യത്യസ്ത കാലഘട്ടങ്ങളിൽ ജീവിച്ചവരെങ്കിലും ഇസ്‌ലാമികമായ ജ്ഞാനമണ്ഡലത്തിന്റെ ഭൂമികയിൽനിന്ന് തങ്ങളുടെ കാലത്തെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങൾക്ക് ദാർശനികമായും പ്രായോഗികമായും നേതൃത്വം നൽകിയ സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ, രണ്ടാമൻ, ഖാദി മുഹമ്മദ്, മമ്പുറം അലവി തങ്ങൾ, ഫസൽ പൂക്കോയ തങ്ങൾ, ഉമർ ഖാദി, മക്തി തങ്ങൾ, ആലി മുസ്‌ലിയാർ, വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദാജി തുടങ്ങിയവരുടെ സാമൂഹിക, രാഷ്ട്രീയ, വൈജ്ഞാനിക ഇടപെടലുകളെ കണ്ടെടുക്കാനും കഴിഞ്ഞ നൂറ്റാണ്ടിന്റെ പരിഷ്കർത്താക്കളുടെ പട്ടികയിൽ ഇടംനൽകി ആദരിക്കാനും ഉദ്യമിക്കുമ്പോൾ നിലനിർത്തുക എന്നതിലുപരി ഉപയോഗപ്പെടുത്തുക എന്ന സക്രിയമായ ധർമമാണ് നിർവഹിക്കപ്പെടുന്നത്.

മുസ്‌ലിം നവോത്ഥാനത്തെ കർമശാസ്ത്രപരമായ വിഴുപ്പലക്കുകളിലേക്ക് ന്യൂനീകരിക്കാതെ സാമൂഹിക പ്രശ്നങ്ങളുടെ തീച്ചൂളയിലേക്ക് പന്തലിപ്പിക്കുന്നുവെന്നതാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കപരമായ മറ്റൊരു സവിശേഷത. അല്ലെങ്കിലും കൈരളിയുടെ പൊതുബോധത്തിന് മുസ്‌ലിം സമൂഹത്തിന്റെ നഖംവെട്ട്, താടിവെട്ട് വ്യവഹാരങ്ങളിൽനിന്ന് എന്താണ് സ്വായത്തമാക്കാനുള്ളത്? ശ്രീനാരായണ ഗുരുവിന്റെ നവോത്ഥാനം കേരളത്തിന്റെ നടുമുറ്റങ്ങളിൽ ആഘോഷിക്കപ്പെടുന്നതിന്റെ പ്രധാന ഹേതു ജാതിനിബിഡമായ അസമത്വങ്ങളെയും അതിനോടുള്ള പ്രതിപ്രവർത്തനങ്ങളെയും സാമൂഹികതയിൽ ചാലിച്ചെടുത്തുവെന്നതാണല്ലോ. ദേശത്തിന്റെ സാമൂഹിക ചരിത്രപഥത്തിൽ തങ്ങളുടെ കാലടികളും തെളിഞ്ഞുകിടപ്പുണ്ട് എന്ന് സമർഥിക്കും വരെ മുസ്‌ലിംകൾ അപരവത്കരിക്കപ്പെട്ടവർ തന്നെയായിരിക്കും. അത്തരമൊരു ചരിത്രരചനക്ക് നാന്ദികുറിച്ചു എന്ന നിലയിൽ ഗ്രന്ഥകർത്താവിന് അഭിമാനിക്കാം. ■

> പ്രമാണവത്കരിക്കപ്പെട്ട ജ്ഞാന മണ്ഡലങ്ങളെ പ്രശ്നവത്കരിച്ചുകൊണ്ട് മുസ്‌ലിം സമൂഹത്തിന് പൊതുവായൊരു പൈതൃകമുണ്ടെന്ന് ഈ പ്രതിയാഖ്യാനങ്ങൾ കാര്യഗൗരവത്തോടെ ഓർമിപ്പിക്കുന്നു. അധിനിവേശ വിരുദ്ധ പോരാട്ടങ്ങളുടെ ചരിത്രാധ്യായങ്ങൾക്ക് ആമുഖം രേഖപ്പെടുത്തിയവർ എന്ന നിലക്ക് ദേശത്തിലും ദേശീയതയിലും നമ്മുടെ ഇടത്തെ അത് അരക്കിട്ടുറപ്പിക്കുന്നു.